ചന്ദ്രിക
പൊതുവാർത്തകൾ

ഉണ്ണിരാജയുടെ പുസ്തകങ്ങൾ കാണാൻ മരുമകളെത്തി

തിരൂർ: അക്ഷര സ്നേഹിയും മികച്ച വായനക്കാരനുമായിരുന്ന സി ഉണ്ണിരാജ കൈമാറിയ പുസ്തകങ്ങൾ കാണാൻ തുഞ്ചൻപറമ്പിലെ ലൈബ്രറിയിൽ അദ്ദേഹത്തിന്റെ മരുമകളെത്തി. ഉണ്ണിരാജയുടെ മകൻ പരേതനായ യു വിക്രമന്റെ ഭാര്യ സീത വിക്രമനാണ് ഇന്നലെ തുഞ്ചൻ പറമ്പിലെത്തിയത്. തുഞ്ചൻ പറമ്പിൽ നടന്ന കേരള ജേർണ്ണലിസ്റ്റ് യൂണിയന്റെ സംസ്ഥാന സമ്മേളനത്തിയതായിരുന്നു സീത. തുഞ്ചൻ പറമ്പിലേക്ക് കൈമാറിയ നാലായിരത്തോളം പുസ്തകങ്ങൾ അന്ന് തിരുവനന്തപുരത്തെ തിരുമലയിലെ വീട്ടിൽ നിന്നും ലോറിയിലാണ് കൊണ്ട് വന്നതെന്ന് സീതാ വിക്രമൻ ഇന്നും ഓർമിക്കുന്നു. തുഞ്ചൻ പറമ്പിലെ ലൈബ്രറിയിൽ ഇവയെല്ലാം അദ്ദേഹത്തിന്റെ പേരിൽ ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ട്. എം.ടി വാസുദേവൻ നായർ നേരിട്ട് ബന്ധപ്പെട്ടതിനെത്തുടർന്നാണ് കുടുംബം അന്ന് പുസ്തകം കൈമാറിയത്. സീതയുടെ ഭർത്തവും ഉണ്ണിരാജയുടെ മകനുമായ യു. വിക്രമൻ കഴിഞ്ഞ വർഷം സെപ്തംബർ 21 നാണ് മരിച്ചത്.

ഉണ്ണിരാജയുടെ പുസ്തകങ്ങൾ സീതാ വിക്രമനെ തുഞ്ചൻ ലൈബ്രേറിയൻ കാണിക്കുന്നു

കങ്കണക്കെതിരെ കർഷക രോഷം

ലക്നോ: ബി.ജെ.പി എം.പി കങ്കണാ റണാവത്തിനെതിരെ കർഷക രോഷം. കർഷകർക്കെതിരായ വിവാദ പരാമർശത്തിന്റെ പശ്ചാത്തലത്തിൽ യു.പിയിലെ ഹാപൂരിൽ എത്തിയപ്പോഴാണ് ഭാരതീയ കിസാൻ യൂണിയൻ പ്രവർത്തകർ പ്രതിഷേധിച്ചത്. കങ്കണയുടെ കോലം കത്തിക്കാനുള്ള നീക്കം പൊലീസ് തടഞ്ഞു. പ്രതിഷേധക്കാരിൽ നിന്ന് കോലം പിടിച്ചുവാങ്ങാൻ ശ്രമിച്ചത് സംഘർഷമുണ്ടാക്കി.

chandrikanews@gmail.com

വിദ്യാഭ്യാസ കരിക്കുലങ്ങളിൽ കക്ഷി താൽപര്യങ്ങളെ തിരുകി കയറ്റരുത്

കോട്ടക്കൽ: പൊതു വിദ്യാഭ്യാസ രംഗത്തെ മതാധിനിവേഷത്തെ ചെറുക്കാൻ ജാഗ്രത കാണിക്കുന്നത് പോലെ കക്ഷി താൽപര്യങ്ങളെയും അകറ്റി നിറുത്തണമെന്ന് വിസ്ഡം യൂത്ത് സംഘടിപ്പിച്ച അധ്യാപക സംഗമം അഭിപ്രായപ്പെട്ടു.ജീവിതത്തിന്റ പച്ചയായ യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കാൻ അധ്യാപനം സക്രിയമാക്കണം.

മതനിരാസവും ദൈവനിഷേധവും കുട്ടികളിൽ അടിച്ചേൽപിക്കാൻ പൊതു വിദ്യാഭ്യാസ രംഗത്തെ ദുരുപയോഗപ്പെടുത്തുന്നത് ആശങ്കാജനകമാണ്.മാറുന്ന സാഹചര്യമനുസരിച്ച് അധ്യാപകർ അവരുടെ ജോലിയിലും വളർച്ചയും മാറ്റവും വരുത്താൻ ശ്രമിക്കണം. സ്ത്രീസ്വത്വം അപഹസിക്കുന്നവർക്കെതിരെയും അതിനായി സാഹചര്യമൊരുക്കുന്നവർക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കണം. സമ്മേളനം വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ നിഷാദ് സലഫി ഉദ്ഘാടനം ചെയ്തു.

ജില്ലാ ടീച്ചർസ് വകുപ്പ് ചെയർമാൻ ഫഹദ് താനാളൂർ അധ്യക്ഷനായി. ഇഷ്ടം ഓർഗനൈസേഷൻ സംസ്ഥാന പ്രവർത്തകസമിതി അംഗം മുജീബ് മതനി ഒട്ടുമൽ മുഖ്യപ്രഭാഷണം നിർവഹിച്ചു.സയ്യിദ് മിസ്ഹബ് തങ്ങൾ , അബ്ദുറഹ്മാൻ അൻസാരി, സജീർ ഒതായി, റഫീഖ് കോട്ടക്കൽ, നൗഷാദ് വളവന്നൂർ , അബ്ദുൽ വഹീദ് കളിയാട്ടമുക്ക്, ഇസാക്ക് വാരണാക്കര, സൈഫുദ്ദീൻ, കരീം മാസ്റ്റർ പറപ്പൂർ പ്രസംഗിച്ചു.

വിസ്ഡം യൂത്ത് മലപ്പുറം വെസ്റ്റ് ജില്ലാ അധ്യാപക സംഗമം വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ നിഷാദ് സലഫി ഉദ്ഘാടനം ചെയ്യുന്നു

മുജാഹിദ് ജില്ലാ ആദർശ സമ്മേളനം സി.പി ഉമർ സുല്ലമി ഉദ്ഘാടനം ചെയ്യുന്നു

നവോത്ഥാനചരിത്രത്തെ നിരാകരിക്കുന്നതിനെ ചെറുക്കണം

പെരിന്തൽമണ്ണ: നവോത്ഥാന ചരിത്രത്തെ നിരാകരിക്കുന്നതിനെ ശക്തമായി ചെറുക്കണമെന്നും ഏകദൈവ വിശ്വാസത്തിന്റെ മൗലികതയെ വികലമാക്കുന്ന നവ യാഥാസ്ഥികത ആദർശപ്പോരാട്ടം ശക്തമാക്കുമെന്നും മുജാഹിദ് ജില്ലാ ആദർശ സമ്മേളനം ആവശ്യപ്പെട്ടു. കാലം തേടുന്ന ഇസ്ലാഹ് എന്ന പ്രമേയത്തിൽ കെ.എൻ.എം മർക്കസുദ്ദഅവ സംസ്ഥാന സമിതി സംഘടിപ്പിച്ചു വരുന്ന പ്രചാരണ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലാ സമിതി പെരിന്തൽമണ്ണയിൽ സംഘടിപ്പിച്ച ആദർശ സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി സി.പി ഉമർ സുല്ലമി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ഡോ. യു.പി.യഹ്യാഖാൻ മദനി അധ്യക്ഷനായി. അലി മദനി മൊറയൂർ,അബ്ദുലത്തീഫ് കരുമ്പിലാക്കൽ,കെ അബ്ദുൽ അസീസ് മദനി,ഡോ.ജാബിർ അമാനി,അബ്ദുൽ കലാം ഒറ്റത്താണി ,അബ്ദുൽ ഗഫൂർ സ്വലാഹി,ശമീർ സ്വലാഹി പതലിങ്ങൽ, കെ.അബ്ദുൽ അസീസ് മാസ്റ്റർ, അബ്ദുൽ കരീം സുല്ലമി എടവണ്ണ, വീരാൻ സലഫി, ശാക്കിർ ബാബു കുനിയിൽ പ്രസംഗിച്ചു.

സ്ത്രീത്വത്തെ ആദരിക്കുന്ന സംസ്കാരം വളർന്നു വരണം: ഐ.എസ്.എം സമ്മേളനം

മഞ്ചേരി: തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളിൽ കർശന നിയമനടപടികൾ സ്വീകരിക്കണമെന്ന് ഐ.എസ്.എം സംസ്ഥാന സമിതി മഞ്ചേരിയിൽ സംഘടിപ്പിച്ച അധ്യാപക സമ്മേളനപ്രഖ്യാപന സംഗമം അഭിപ്രായപ്പെട്ടു.

പരിഷ്കാരത്തിന്റെയും പുരോഗമനത്തിന്റെയും പേരിൽ ലിബറൽ ചിന്തകൾ പ്രചരിപ്പിക്കുന്നവർ യഥാർത്ഥത്തിൽ സ്ത്രീകളെ ചൂഷണം ചെയ്യുകയാണെന്ന് സമൂഹം തിരിച്ചറിയണം. മൂല്യബോധമുള്ള സമൂഹത്തെ സൃഷ്ടിക്കുന്നതിൽ അധ്യാപക സമൂഹം ശക്തിയായി പ്രവർത്തിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. കാവലാവുക എന്ന പ്രമേയത്തിൽ ഒക്ടോബർ 12ന് മഞ്ചേരിയിൽ സംസ്ഥാന അധ്യാപക സമ്മേളനം സംഘടിപ്പിക്കും. കെ.എൻ.എം സംസ്ഥാന വൈസ് പ്രസിഡന്റ് എൻ.വി അബ്ദുറഹ്മാൻ പ്രഖ്യാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

കേരള ജംഇയ്യത്തുൽ ഉലമ സെക്രട്ടറി ഹനീഫ് കായക്കൊടി മുഖ്യ പ്രഭാഷണം നടത്തി. ഐ.എസ്.എം സംസ്ഥാന പ്രസിഡന്റ് ശരീഫ് മേലേതിൽ അധ്യക്ഷനായി. കെ.എൻഎം സംസ്ഥാന വൈസ് പ്രസിഡന്റ് സി മുഹമ്മദ് സലിം സുല്ലമി, സെക്രട്ടറി എം.ടി അബ്ദുസ്സമദ് സുല്ലമി, ഡോ.പി.പി അബ്ദുൽ ഹഖ്, ഐ.എസ്.എം സംസ്ഥാന ജനറൽ സെക്രട്ടറി ഷുക്കൂർ സ്വലാഹി, ട്രഷറർ കെ.എം.എ അസീസ്, ജലീൽ മാമാങ്കര, ബരീർ അസ്‌ലം, ശാഹിദ് മുസ്‌ലിം, ടി യൂസുഫലി സ്വലാഹി, പി.കെ അബ്ദുല്ല ഹാജി, റഹ്മത്തുല്ല സ്വലാഹി, തൻസീർ സലാഹി, വി.സി ശൗക്കത്ത്, എം ജുനൈദ് പ്രസംഗിച്ചു.

ഐ.എസ്.എം സംസ്ഥാന അധ്യാപക സമ്മേളന പ്രഖ്യാപന സമ്മേളനം കെ.എൻ.എം സംസ്ഥാന വൈസ് പ്രസിഡന്റ് എൻ.വി അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യുന്നു

ഡോ. നെച്ചിക്കാട്ടിൽ മുഹമ്മദ് കുട്ടിയെ ആദരിച്ചു

മലപ്പുറം: ഡോ. എ.പി.ജെ അബ്ദുൽ കലാം ദേശീയ അവാർഡ് നേടിയ അജ്ഫാൻ ഗ്രൂപ്പ് ചെയർമാൻ ഡോ. നെച്ചിക്കാട്ടിൽ മുഹമ്മദ് കുട്ടിയെ ലഹരി നിർമാർജന സമിതി മലപ്പുറം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആദരിച്ചു. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ജീവ കാരുണ്യരംഗത്ത് നിശബ്ദ വിപ്ലവം തീർത്ത വ്യക്തിയാണ് നെച്ചിക്കാട്ടിൽ മുഹമ്മദ് കുട്ടിയെന്നും ഇരത്തിലുള്ള വ്യക്തികൾക്കുള്ള ആദരം സമൂഹം അവർക്ക് നൽകുന്ന അംഗീകരമാണെന്നും പ്രതിപക്ഷനേതാവ് പറഞ്ഞു. ജില്ലാ പ്രസിഡന്റ് സയ്യിദ് ഫസൽ ജിഫ്രി തങ്ങൾ അധ്യക്ഷനായി. ഇ.ടി മുഹമ്മദ് ബഷീർ എം.പി മുഖ്യപ്രഭാഷണം നടത്തി. അജ്ഫാൻ ഗ്രൂപ്പ് ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹകരണത്തോടെ മലപ്പുറത്തു ലഹരി വിമോചന ചികത്സ സെന്റർ സ്ഥാപിക്കുമെന്നും എൽ.എൻ.എസ് ജില്ലാ കൺവൻഷൻ പ്രഖ്യാപിച്ചു. ഈ സെന്ററിൽ നിന്നും അല്ലാതെയും ലഹരിയിൽ നിന്നും സ്ഥിരം മോചനം നേടിയവർക്ക് നാട്ടിലും വിദേശത്തും തൊഴിൽ നൽകുന്ന പദ്ധതിയും നടപ്പാക്കും. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കും ലഹരി വിരുദ്ധ ബോധവത് കരണ പരിപാടിയിൽ നടപ്പാക്കും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട എൽ.എൻ.എസ് സംസ്ഥാന നേതാക്കൾക്കും സ്വീകരണം നൽകി. കുറുക്കോളി മൊയ് തീൻ എം.ൽ.എ, സയ്യിദ് സാബിഖലി ശിഹാബ് തങ്ങൾ, സംസ്ഥാന വർക്കിങ് പ്രസിഡന്റ് ഒ.കെ കുഞ്ഞികോമു മാസ്റ്റർ, സംസ്ഥാന സെക്രട്ടറിമാരായ ഷാജു തോപ്പിൽ, പി.പി അലവിക്കുട്ടി, കാളക്കൽ മുഹമ്മദ് അലി, എംപ്ലോയീസ് വിങ് സംസ്ഥാന പ്രസിഡന്റ് എ.എം അബൂബക്കർ, ഒതുക്കുങ്ങൽ പഞ്ചായത്ത് പ്രസിഡന്റ് കടമ്പോട്ട് മൂസ ഹാജി, സി.കെ.എം ബാപ്പു ഹാജി, അബൂബക്കർ എടവണ്ണ, അബു തറയിൽ, സി.എച്ച് ആസിയ ടീച്ചർ, ലുക്മാൻ അരീക്കോട് പ്രസംഗിച്ചു.

ഡോ. നെച്ചിക്കാട്ടിൽ മുഹമ്മദ് കുട്ടിക്കു നൽകിയ സ്വീകരണ യോഗം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു

പുതിയ പെൻഷൻ പദ്ധതി; സംസ്ഥാനങ്ങളെ നിർബന്ധിക്കില്ലെന്ന് ധനമന്ത്രി

ന്യൂഡൽഹി: കേന്ദ്ര സർക്കാർ പുതുതായി അവതരിപ്പിച്ച യൂണിഫൈഡ് പെൻഷൻ സ്കീം(യു.പി.എസ്) നിലവിലുള്ള നാഷണൽ പെൻഷൻ സ്കീം(എൻ.പി.എസ്) പദ്ധതിയിൽ നിന്നുള്ള യുടേൺ അല്ലെന്ന് ധനകാര്യ മന്ത്രി നിർമലാ സീതാരാമൻ. എൻ. പി.എസിനോടുള്ള സർക്കാർ ജീവനക്കാരുടെ എതിർപ്പ് മറികടക്കാനാണ് പുതിയ പെൻഷൻ പദ്ധതി അവതരിപ്പിച്ചതെന്ന വിമർശനങ്ങൾക്കിടയാണ് മന്ത്രിയുടെ വിശദീകരണം. പുതിയ പെൻഷൻ പദ്ധതി നടപ്പാക്കാ ൻ സംസ്ഥാനങ്ങൾക്കുമേൽ സമർദ്ദം ചെലുത്തില്ല. ഏതു പദ്ധതി വേണമെന്ന് സംസ്ഥാനങ്ങൾക്ക് തീരുമാനിക്കാം. യു.പി. എസ് എൻ.പി.എസിൽ നിന്നുള്ള മലക്കംമറിച്ചിൽ അല്ല. എൻ. പി.എസിനെ പരിഷ്കരിക്കൽ മാത്രമാണ്. ജീവനക്കാർക്ക് കൂടുതൽ ഗുണം ലഭിക്കും എന്നതിനാൽ പുതിയ പെൻഷൻ പദ്ധതി സംസ്ഥാനങ്ങൾ സ്വീകരിക്കുമെന്നു തന്നെയാണ് പ്രതീക്ഷ- മന്ത്രി പറഞ്ഞു. 23 ലക്ഷത്തോളം വരുന്ന കേന്ദ്ര ജീവനക്കാർക്കായാണ് യു.പി.എസ് എന്ന പേരിൽ പുതിയ പെൻഷൻ പദ്ധതി കേന്ദ്രം അവതരിപ്പിച്ചത്. 25 വർഷത്തിൽ കുറയാത്ത സർവീസ് ഉള്ള ജീവനക്കാർക്ക് റിട്ടയർ ചെയ്യുന്നതിന് തൊട്ടു മുമ്പുള്ള അവസാന 12 മാസങ്ങളിൽ വാങ്ങിയ ശരാശരി ശമ്പളത്തിന്റെ 50 ശതമാനം പെൻഷൻ ഉറപ്പാക്കുന്നതാണ് പദ്ധതി. ഫാമിലി പെൻഷൻ, മിനിമം അഷേർഡ് പെൻഷൻ എന്നിങ്ങനെ രണ്ടു ഘടകങ്ങളായാണ് പദ്ധതി വിഭാവനം ചെയ്തത്. കുറഞ്ഞത് 10 വർഷമെങ്കിലും സർവീസുള്ളവർക്ക് 10,000 രൂപമിനിമം പെൻഷൻ ഉറപ്പാക്കുന്നു. മറ്റൊന്ന് പെൻഷനർ മരണപ്പെട്ടാലും ആശ്രിതർക്ക് പെൻഷൻ തുകയുടെ 60 ശതമാനം തുക ആശ്രിത പെൻഷനായി ലഭിക്കും.

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇരകളായവരെ സഹായിക്കാനുള്ള 20ലക്ഷം രൂപയുടെ ചെക്ക് ഷിഫ അൽ ജസീറ പ്രതിനിധി യു. ഇബ്രാഹിം പ്രതിപക്ഷ നേതാവ് വി.ഡി.സതീശന് കൈമാറുന്നു

വയനാട്ടുകാരെ സഹായിക്കാൻ 20 ലക്ഷം നൽകി ഷിഫ അൽജസീറ ഗ്രൂപ്പ്

മലപ്പുറം: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇരകളായവരെ സഹായിക്കാൻ കെ.പി.സി.സി പ്രഖ്യാപിച്ച ധനസമാഹരണത്തിലേക്ക് 20ലക്ഷരൂപയുടെ ചെക്ക് കൈമാറി ഷിഫ അൽ ജസീറ മെഡിക്കൽ ഗ്രൂപ്പ്. ചെയർമാൻ ഡോ. കെടി റബിയുള്ളയുടെ നിർദേശപ്രകാരം നേരത്തെ സർക്കാറിന്റെ ദുരിതാശ്വാസ നിധിയിലേക്കും, മുസ്‌ലിംലീഗ് ധനസമാഹരണത്തിലേക്കുമായി ഒരു കോടി രൂപ കൈമാറിയിരുന്നു. ഇതിന് പുറമെയാണ് ഇന്നലെ പെരിന്തൽമണ്ണയിൽവെച്ചു 20ലക്ഷം രൂപ പ്രതിപക്ഷ നേതാവ് വി.ഡി.സതീശന് ഷിഫ അൽ ജസീറ പ്രതിനിധി യു.ഇബ്രാഹിം കൈമാറിയത്. ഡി.സി.സി.പ്രസഡന്റ് വി.എസ് ജോയി പങ്കെടുത്തു.

ICICI Home Finance
രജിസ്റ്റേർഡ് ഓഫീസ്: ഐസിഐസിഐ ബാങ്ക് 5വേഴ്സ്, ബാന്ദ്ര-കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്) മുംബൈ - 400051
കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ എച്ച് എഫ് സി 5വർ, അന്ധേരി കുർള റോഡ്, ഒപ്പ ബി നഗർ, അന്ധേരി (ഈസ്റ്റ്) മുംബൈ - 400059
ശാഖ ഓഫീസ്: ഒന്നാം നില, 3/128, സിമാക്സ് 5വർ, വണ്ടി പേട്ട ജംഗ്ഷൻ, വെസ്റ്റ് നടക്കാവ്, കോഴിക്കോട് - 673011 (കേരളം)

പ്രൊവിസോ റൂൾ 8(6) കാണുക സ്ഥാവരവസ്തുവിന്റെ വിൽപന നോട്ടീസ്

2002 ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെൻ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട്, 2002 ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ, പ്രൊവിസോ റൂൾ 8(6) ചേർത്തു വായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപനയ്ക്കുള്ള ഇ-ലേല വിൽപന നോട്ടീസ്. വായ്പ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെഷറയുന്ന വസ്തുക്കൾ ജപ്തി ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ "എവിടെയാണോ ഉള്ളത്" "എന്താണോ ഉള്ളത്" "എങ്ങനെയാണോ ഉള്ളത്" അതുപോലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു

Sr. No.	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	വസ്തു പരിശോധന തീയതിയും സമയവും	ലേല തീയതി, സമയം	ലേല തീയതിക്ക് ഒരു ദിവസം മുമ്പ്	സർഫേസി സ്റ്റേജ്
(A)	(B)	(C)	(D)	(E)	(F)	(H)	(I)	(J)
1	സബിത കെ (വായ്പക്കാരി) സുമേഷ് എം (സഹവായ്പക്കാരൻ) LHTHR00001285663.	റീസർവ്വെ നമ്പർ - 156/27 തിരൂവാലി വില്ലേജ് നിലമ്പൂർ താലൂക്ക്, മലപ്പുറം, കേരളം 679328	Rs.250845.44 As on 22nd August,'24	Rs. 2,69,987 / Rs. 26,999	23rd Sept,'24 11AM - 3PM	1st Oct,'24 2PM - 3PM	30th Sept,'24	ഭൗതികമായ ജപ്തി

ശ്രീറാം ഓട്ടോ മാൾ ഇന്ത്യ ലിമിറ്റഡിന്റെ (യൂ ആർ എൽ ലിങ്ക് eauctions.samil.in) വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക സ്ഥലം ജാമ്യമായി നൽകിയവർക്ക് സെപ്തംബർ 30, 2024 വൈകിട്ട് 5 മണിവരെ മുഴുവൻ തുകയും തിരിച്ചടക്കുന്നതിനുള്ള അവസരം നൽകും പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ജാമ്യവസ്തു വിൽപന ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരതദ്രവ്യം (ഇഎംഡി), ആർ ടി ഇ എസ് /ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇ യിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് സെപ്തംബർ 30, 2024 വൈകിട്ട് 4 മണിക്കുമുമ്പായി അയക്കേണ്ടതാണ്. താത്പര്യമുള്ള ബിഡ്ഡർമാർ രജിസ്ട്രേഷൻ ഫോമിന്റെയും ബിഡ് ടേംസ് ആൻഡ് കണ്ടിഷൻ ഫോമിന്റെയും ഒപ്പിട്ട കോപ്പി ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് സെപ്തംബർ 30, 2024 വൈകിട്ട് 5 മണിക്കുമുമ്പായി അയക്കേണ്ടതാണ്, നിരതദ്രവ്യം തുക, ഡിമാന്റ് ഡ്രാഫ്റ്റ് (ഡിഡി) എന്നിവ നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്- ലേലം ലഭ്യപ്പെടുത്തി മാറാവുന്ന വിധത്തിലായിരിക്കണം കൂടുതൽ വിശദാംശങ്ങൾക്കും വസ്തുപരിശോധിക്കുന്നതിനെക്കുറിച്ചോ ടെൻഡർ സമർപ്പിക്കുന്നതിനെക്കുറിച്ചോ ഏതെങ്കിലും വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർക്കും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 9920807300 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

താഴെ ഒപ്പിട്ടിരിക്കുന്ന അംഗീകൃത ഓഫീസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദ്ദേശിക്കാൻ അധികാരമുണ്ട്. വിശദമായ വ്യവസ്ഥകൾക്കും നിർദ്ദേശങ്ങൾക്കുമായി ഐ സി ഐ സി ഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക https://www.icicihfc.com/

തീയതി: 29.08.2024, സ്ഥലം: കേരളം
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് | CIN Number U65922MH1999PLC120106

ക്ലാസിഫൈഡ്സ്

അറിയിപ്പ്

KL10E 6096 എന്ന വാഹനത്തിന്റെ ഉടമ ഇബ്രാഹീം S/o ആലിക്കുട്ടി, ചൊന്നാരിഷ ഹൗസ്, എ.ആർ നഗർ എന്നയാൾ ഒരു ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായി ഈ ഓഫീസിൽ അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് നൽകുന്നതിൽ പരാതി വല്ലതും ഉണ്ടെങ്കിലോ ഈ പരസ്യ തിയ്യതി മുതൽ ഏഴ് ദിവസത്തിനകം തിരൂരങ്ങാടി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

എന്ന്
ജോ.ആർ.ടി.ഒ തിരൂരങ്ങാടി

അറിയിപ്പ്

KL10E 9942 എന്ന വാഹനത്തിന്റെ ഉടമ ബാലകൃഷ്ണൻ S/O വേലു, ഉള്ളേരി ഹൗസ്, മൂന്നിയൂർ സൗത്ത്, ഫോൺ:9895258732 എന്നയാൾ ഒരു ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായി ഈ ഓഫീസിൽ അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് നൽകുന്നതിൽ പരാതി വല്ലതും ഉണ്ടെങ്കിലോ ഈ പരസ്യ തിയ്യതി മുതൽ ഏഴ് ദിവസത്തിനകം തിരൂരങ്ങാടി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

എന്ന്
ജോ.ആർ.ടി.ഒ തിരൂരങ്ങാടി

NOTICE

I, ANVER SHAFEEQ P K, Residing at PULIYALAKUNNATH HOUSE VADAKKUMPURAM PO VALANCHERY MALAPPURAM 676552,hereby bring to the notice of the public that my mark list of first professional MBBS degree Regular examination(2016 admission) held in July 2017,applied for with register No. 160011009, of Kerala University of Health Sciences, Thrissur has been irrecoverably lost during travel from Kozhikode to malappuram and as such I intend to apply for the duplicate mark list. If anybody has objections to this,please intimate the same to the undersigned as well as the university within 15 days of this notification

Anver shafeeq P.K:9745881538

അറിയിപ്പ്

KL65N 114 എന്ന വാഹനത്തിന്റെ ഉടമ റജീന വി W/o മുനീർ, വളപ്പിൽ ഹൗസ്, ചെനക്കൽ, മൂന്നിയൂർ, 676311, ഫോൺ: 8594026450 എന്നയാൾ ഒരു ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായി ഈ ഓഫീസിൽ അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് നൽകുന്നതിൽ പരാതി വല്ലതും ഉണ്ടെങ്കിലോ ഈ പരസ്യ തിയ്യതി മുതൽ ഏഴ് ദിവസത്തിനകം തിരൂരങ്ങാടി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

എന്ന്
ജോ.ആർ.ടി.ഒ തിരൂരങ്ങാടി

അധ്യാപക ഒഴിവ്

കൊണ്ടോട്ടി ഇ.എം.ഇ.എ ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ എച്ച്.എസ്.